പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 633 | 30.06.2016-ൽ മറുപടിക്ക്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ ലഭ്യമാണോ; | (എ) തൊഴിൽ വകുപ്പിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്ക് ലഭ്യമല്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 53,136 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച വിശദമായ ഒരു കണക്കെടുപ്പിനുള്ള നടപടികൾ സ്വീകരിക്കുമോ;<br>(സി) തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (ബി) & (സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും മറ്റ് ക്ഷേമ നടപടികളും ലക്ഷ്യമിട്ട് അവരുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനും ലക്ഷ്യമിട്ട് ഒരു സമഗ്ര പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ